ശ്രീ. എം.വി. ജയരാജൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മാനസികരോഗ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മാനസികാരോഗ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് എന്നുമുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)&(ബി) സർക്കാർ സ്വീകരിച്ച വിവിധ നടപടികളുടെ ഫലമായി സംസ്ഥാനത്തെ മാനസികരോഗാശുപത്രികൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, ആശുപത്രികളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) 1993-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 122/93/ആ.കു.വ തീയതി 1.11.93 പ്രകാരം മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകരിക്കുകയുണ്ടായി. 1997-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 110/97/ആ.കു.വ തീയതി 22.3.97-പ്രകാരം മെന്റൽ ഹെൽത്ത് അതോറിറ്റി പുനർവിന്യസിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനും, ആരോഗ്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് എന്നിവർ ഔദ്യോഗികാംഗങ്ങളും ഡോക്ടർ ജെയിംസ് റ്റി. ആന്റണി ഡോ. ജഗദാംബിക, ശ്രീ. വിശ്വനാഥൻ എന്നിവർ അനൗദ്യോഗികാംഗങ്ങളുമാണ്.

(ഡി)&(ഇ) കരട് തയ്യാറാക്കി സർക്കാരിന്റെ പരിശോധനയിലാണ്.

9 (*9) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കമ്പ്യൂട്ടർ വൽക്കരണം

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാരിന്റെ വിവിധ വകുപ്പുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വേണ്ടിയുള്ള ഇൻഫർമേഷൻടെക്നോളജി പ്രവർത്തനം തുടങ്ങിയോ;

(ബി) ഇതുകൊണ്ട് എന്തൊക്കെ പ്രയോജനങ്ങൾ ലഭിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം വിവരങ്ങളാണ് ഈ പദ്ധതിമൂലം ജനങ്ങളിൽ എത്തിക്കാൻ ഉദ്ദേശിക്കുന്നത്;

((ഡി) ഈ പദ്ധതിയുടെ പ്രയോജനം സിദ്ധിക്കുന്നതിനാവശ്യമായ ഇൻഫ്രാസ്ട്രക്ചർ പൂർത്തിയായിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ.ഇ.കെ. നായനാർ) :

(എ) സർക്കാർ പ്രഖ്യാപിച്ച സമഗ്ര ഇൻഫർമേഷൻ ടെക്നോളജി നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിക്കപ്പെട്ട കർമ്മ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം 34 വകുപ്പുകളെ കമ്പ്യൂട്ടറൈസേഷനായി മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത വകുപ്പുകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.[+] അതത് വകുപ്പുകളുടെ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ, കമ്പ്യൂട്ടറൈസേഷൻ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി വകുപ്പുതല കർമ്മസമിതികൾ രൂപീകരിച്ച് ദ്വിവർഷ ഐ.ടി കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുതല കർമ്മ സമിതികളുടെ രൂപീകരണം നടന്നുവരികയാണ്.

(ബി) പൊതുജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്ന വകുപ്പുകളെയാണ് കമ്പ്യൂട്ടറൈസേഷന് മുൻഗണന നൽകിയിട്ടുള്ളത്. എന്നതിനാൽ വിവരങ്ങൾ ത്വരിതഗതിയിൽ ജനങ്ങൾക്ക് ലഭ്യമാവുന്നതാണ്. സർക്കാർ തീരുമാനങ്ങൾ സുതാര്യമാക്കപ്പെടുകയും ഉത്തരവാദിത്വപൂർണ്ണമാവുകയും ചെയ്യും.

(സി) വകുപ്പുകളുടെ ക്രിയാത്മകമായ പ്രവർത്തനത്തിനായി വിവരങ്ങൾ ശേഖരിക്കുകയും, കാലാനുസൃതമായി പുതുക്കിനിർണ്ണയിക്കുകയും ചെയ്യുകയും വിവിധ വകുപ്പുകൾ, വിവിധതലങ്ങളിൽ പരസ്പര സഹവർത്തിത്വത്തോടുകൂടി വിവരങ്ങൾ കൈമാറുകയും ചെയ്യുമെന്നതിനാൽ ജനങ്ങൾക്ക് ത്വരിതഗതിയിൽ സർക്കാർ തീരുമാനം ലക്ഷ്യമാവുമെന്ന് പ്രതീക്ഷിക്കുന്നു. വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും അതിനു വേണ്ട അപേക്ഷഫോറങ്ങളും കമ്പ്യൂട്ടർ ശൃംഖലവഴി ലഭ്യമാക്കുകയും, ദൈനംദിന ജീവിതത്തിൽ ബന്ധപ്പെടേണ്ടിവരുന്ന വില്ലേജ്, പഞ്ചായത്ത്, ബ്ലോക്ക്, ട്രഷറി, ആശുപത്രി എന്നിവയെല്ലാം പ്രസ്തുത കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുകയും ചെയ്തുകഴിയുമ്പോൾ പൊതുജനങ്ങൾക്ക് ഫലപ്രദവും നൂതനവുമായ സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാവുന്നതാണ്.

(ഡി)&(ഇ) പോലീസ് വകുപ്പ് ഒഴികെയുള്ള എല്ലാ വകുപ്പുകളും ഇന്റർ ഓഫീസ് നെറ്റ് വർക്കിംഗിനായി ഒരു ഇൻഫ്രാസ്ട്രക്ചറിനുള്ളിൽ കൊണ്ടുവരിക എന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്. നേരത്തേ കമ്പ്യൂട്ടറൈസേഷൻ സ്വന്തം ചെലവിൽ തുടങ്ങിവച്ചിട്ടുള്ള വകുപ്പുകളുടെ ഇൻഫ്രാസ്ട്രക്ചർകൂടി ഇതിന് ഉപയോഗപ്പെടുത്തും. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ട്രഷറി

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നെറ്റ്‌വർക്കിംഗ് പൂർത്തിയാകുന്നതോടെ കോമൺ ഇൻഫ്രാസ്ട്രക്ചറിന്റെ ആദ്യഭാഗം നിലവിൽ വരുന്നതാണ്. വകുപ്പുതല കർമ്മസമിതികൾ അതാത് വകുപ്പുകളിലും, അവർക്ക് മറ്റു വകുപ്പുകളിലേക്കും വേണ്ടിവരുന്ന നെറ്റ് വർക്കിങ്ങിന്റെ ആവശ്യകത പഠിച്ച് ശുപാർശകൾ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത 34 വകുപ്പ് കർമ്മസമിതികളുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അതിനനുസരണമായിട്ടുള്ള ഒരു പൊതു ഇൻഫ്രാസ്ട്രക്ചർ വികസിപ്പിച്ചെടുക്കുന്നതാണ്.

10 (*10) രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് സംവിധാനം

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. പി. രാഘവൻ :

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാത്രികാലങ്ങളിൽ കുറ്റകൃത്യങ്ങൾ തടയുന്നതിന് സർക്കാർ എന്തെങ്കിലും സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് ഇത് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഈ സംവിധാനം സംസ്ഥാനത്ത് കൂടുതൽ നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം നഗരങ്ങളിലേയ്ക്കാണ് പ്രസ്തുത സംവിധാനം വ്യാപിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ),(ബി)&(സി) സംസ്ഥാനത്ത് രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി രാത്രികാല പോലീസ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. രാത്രികാലങ്ങളിൽ എല്ലാ പോലീസ് സ്റ്റേഷനുകളിൽനിന്നും പോലീസ് പട്രോളിംഗ് സംവിധാനം തുടർന്നുവരുന്നുണ്ട്. ഇവയ്ക്ക് പുറമെ ഫ്ലൈയിംഗ് സ്കാഡ് സംവിധാനവും, മറ്റ് മൊബൈൽ പട്രോളിംഗ് സംവിധാനവും രാത്രികാലങ്ങളിൽ ഊർജ്ജിതമായി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യ വിരുദ്ധരുടെ പ്രവർത്തനങ്ങൾ തടയുന്നതിനും അമർച്ച ചെയ്യുന്നതിനുമായി കോമ്പിംഗ് ഓപ്പറേഷനുകളും, വാഹനങ്ങൾ കടന്നുചെല്ലാൻ കഴിയാത്ത ഇടവഴികളിലും മറ്റും എത്തി കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള റാപ്പിഡ് ആക്ഷൻ പട്രോളിംഗ് സംവിധാനവും, ഹൈവേ പട്രോളിംഗ് സംവിധാനവും രാത്രികാലങ്ങളിൽ ഊർജ്ജിതമായി പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly